ഉത്തരം

(എ) ഇല്ല.

(ബി) ഐ.ടി. അറ്റ് സ്കൂൾ പദ്ധതിയനുസരിച്ച് ഐ. ടി. വിദ്യാഭ്യാസത്തിനു പ്രത്യേകം അദ്ധ്യാപകരെ നിയമിക്കുന്നില്ല. നിലവിലുള്ള ഹൈസ്കൂൾ അദ്ധ്യാപകർ തന്നെയാണ് പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നത്. എന്നാൽ പ്രാരംഭഘട്ടത്തിൽ അദ്ധ്യാപകരെ സഹായിക്കുന്നതിന് കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരെ സ്കൂൾ അധികൃതർക്ക് നിയമിക്കാവുന്നതാണ്. ഇതിനുള്ള ചെലവ് അതാത് പി.ടി.എ. ആണ് വഹിക്കുന്നത്.

(സി) കമ്പ്യൂട്ടർ ഇൻസ്ട്രക്ടർമാരുടെ അടിസ്ഥാന യോഗ്യത പ്ലസ് ടു അല്ലെങ്കിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ അതുമല്ലെങ്കിൽ തത്തുല്യ യോഗ്യത.

(ഡി) ഹൈസ്കൂളുകളിൽ "കമ്പ്യൂട്ടർ അദ്ധ്യാപകർ" എന്നൊരു തസ്തിക നിലവിൽ ഇല്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കാൻ സാധിക്കില്ല.

അധികമുള്ള അദ്ധ്യാപകർ

91 [643] ശ്രീ. വി. ഡി. സതീശൻ:
,, ബി. വിജയകുമാർ:
,, എം. എ. ചന്ദ്രശേഖരൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും എത്ര അദ്ധ്യാപകർ വീതം അധികമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഓരോ വിഭാഗം സ്കൂളുകളിൽ നിന്നും പ്രതിവർഷം എത്ര അദ്ധ്യാപകർ വീതം പെൻഷനാകുന്നുണ്ട്; അധികമുള്ള അദ്ധ്യാപകരെ ഏതു വിധത്തിൽ ഒഴിവാക്കാമെന്നാണ് പ്ലാനിംഗ് ബോർഡ് ശുപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എയ്ഡഡ് മേഖലയിൽ 390 അദ്ധ്യാപകർ അധികമായുണ്ട്. സർക്കാർ സ്കൂളുകളിൽ ആരുമില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly